# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3354 23/06/2014ൽ മറുപടിക്ക്

### ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ടു ചെയ്യാൻ നടപടി

| ചോദ്യം : | ഉത്തരം : |
| --- | --- |
| ശ്രീ. ബി.സത്യൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ എത്ര ദിവസത്തിനകം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ ; | (എ) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്കുതന്നെ പി.എസ്.സി.ക്കു റിപ്പോർട്ടു ചെയ്യണമെന്ന് 13.02.2014ലെ സർക്കുലർ നമ്പർ 3943/ഉപ.സി3/14/ഉഭപവ പ്രകാരം സർക്കാർ എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ചില വകുപ്പുകൾ ഇതിൽ അലംഭാവം കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി)യും (സി)യും<br><br>സംസ്ഥാനത്ത് നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യുന്നതിൽ നിയമനാധികാരികൾ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യേണ്ടതായ നിലവിലുള്ള എല്ലാ ഒഴിവുകളും അടിയന്തിരമായി പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യുവാൻ എല്ലാ വകുപ്പു മേധാവികൾക്കും 05.06.2014-ലെ സർക്കുലർ നമ്പർ 11244/ഉപ.സി3/14/ഉഭപവ പ്രകാരം സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) വിവിധ വകുപ്പുകളിലെ ഒഴിവുകൾ എത്രയും പെട്ടെന്ന് പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ